**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3830** **17-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് കമ്പനികൾക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഐ.ടി. ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കായി എന്തൊക്കെ സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇത്തരത്തിൽ ഇന്നവേറ്റർമാർക്കായി ഇതുവരെ എത്ര കോടി രൂപയുടെ സഹായധനം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് യുവ സംരംഭകത്വ പദ്ധതി. കോളേജ് വിദ്യാർത്ഥികൾ മുതൽ പ്രൊഫഷണലുകൾ വരെയുള്ളവരിൽ സംരംഭകത്വവും നൂതന ആശയവും പ്രോത്സാഹിപ്പിക്കുക എന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ ആർട്ട്സ് ആന്റ് സയൻസ്, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ, പോളിടെക്നിക്, മെഡിക്കൽ കോളേജുകളിലായി 519 ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.<br><br>**1. <u>ഇന്നൊവേഷൻ ഗ്രാന്റ്</u>**<br><br>സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് വൈ .ഇ.ഡി. പി.യിലൂടെ കേരള സർക്കാർ അവതരിപ്പിച്ച ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി. ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയിലൂടെ അർഹരായ സ്റ്റാർട്ടപ്പുകൾക്ക് പരമാവധി 15 ലക്ഷം രൂപയും, വനിതാ സ്റ്റാർട്ടപ്പുകൾക്ക് 20 ലക്ഷം രൂപയും ലഭിക്കും. ഇന്നൊവേഷൻ ഗ്രാന്റ് ഇനത്തിൽ നാളിതുവരെ 30.87 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>**2. <u>ആർ ആൻഡ് ഡി ഗ്രാന്റ്</u>**<br><br>ആർ ആൻഡ് ഡി ഗ്രാന്റ് (സ്റ്റാർട്ടപ്പ് റിസർച്ച് ഗ്രാന്റ്) പദ്ധതിയിലൂടെ അർഹരായ സ്റ്റാർട്ടപ്പുകൾക്ക് പരമാവധി 30 ലക്ഷം രൂപ സഹായ ധനമായി ലഭിക്കും.<br><br>**a. പ്രാരംഭഘട്ടം** – ആശയ രൂപീകരണവും അത് ആദ്യമാതൃകയായി വികസിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 3 ലക്ഷം രൂപ |

വരെയുള്ള ഐഡിയ ഗ്രാന്റ് നൽകി വരുന്നു. ഈ ഘട്ടത്തിൽ പ്രീ ഇൻക്യുബേഷൻ സൗകര്യം ആവശ്യമായവർക്ക് അത് നൽകുന്നതിനുള്ള സംവിധാനവും സ്റ്റാർട്ടപ്പ് മിഷൻ ഒരുക്കിയിട്ടുണ്ട്. കൂടാതെ, ആവശ്യമായ വിദഗ്ധരുടെ സഹായം മെന്റർഷിപ്പ് പരിപാടിയിലൂടെ ലഭ്യമാക്കുന്നു.

b. **പ്രൊഡക്ടൈസേഷൻ** - ആദ്യ മാതൃകകൾ ഉൽപ്പന്നമാക്കി വികസിപ്പിക്കുന്ന ഈ ഘട്ടത്തിൽ 4 ലക്ഷം രൂപ വരെയുള്ള പ്രൊഡക്ടൈസേഷൻ ഗ്രാന്റ് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകും. ഐഡിയ ഗ്രാന്റ് ലഭിച്ചിട്ടില്ലാത്തവർക്ക് ഈ ഘട്ടത്തിൽ 7 ലക്ഷം രൂപ വരെയാണ് ഗ്രാൻറിന് അർഹത. ഓൺ ലൈനിലൂടെയും ഓഫ് ലൈനിലൂടെയുമുള്ള ഇൻക്യുബേഷൻ സൗകര്യങ്ങളും ഈ ഘട്ടത്തിൽ ലഭ്യമാണ്.

c. **വാണിജ്യ വൽക്കരണ ഘട്ടം (മാർക്കറ്റ് ആക്സസ്സ്)** – ഉൽപ്പന്നങ്ങളെ വിപണിയിലെത്തിക്കുന്ന ഈ ഘട്ടത്തിൽ 3 ലക്ഷം രൂപ വരെയുള്ള മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് ലഭ്യമാണ്. ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ് എന്നിവ ലഭിക്കാത്തവർക്ക് 10 ലക്ഷം രൂപ വരെയുള്ള ഗ്രാന്റിന് അർഹതയുണ്ട് (വനിതകൾക്ക് ഇത് 12 ലക്ഷം രൂപ വരെയാണ്). കൂടാതെ വിപണിയിൽ ഇടപെടുന്നതിന് വിദഗ്ധരുടെ സഹായവും ദേശീയ അന്തർദേശീയ മേളകളിൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സീഡ് ലോൺ, ഫണ്ട് ഓഫ് ഫണ്ട്, മറ്റ് നിക്ഷേപകർ എന്നിവയിലൂടെയുള്ള സഹായവും ലഭ്യമാക്കിവരുന്നു.

d. **സ്കെയിലപ് സ്റ്റേജ്** – കമ്പനി വളർന്ന് പൂർണ്ണതോതിലുള്ള സംരംഭമായി മാറുന്ന ഈ ഘട്ടത്തിൽ 5 ലക്ഷം രൂപ വരെയുള്ള സ്കെയിലപ് ഗ്രാന്റ് ലഭ്യമാണ്. ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, മാർക്കറ്റ് ആക്സിലറേഷൻ ഗ്രാന്റ് ലഭിക്കാത്തവർക്ക് അവ ഉൾപ്പടെ 15 ലക്ഷം രൂപ വരെയുള്ള ഗ്രാൻറിന് അർഹതയുണ്ട്. ഈ ഘട്ടത്തിലും വിപണിയിൽ ഇടപെടുന്നതിന് വിദഗ്ധരുടെ സഹായവും ദേശീയ അന്തർദേശീയ മേളകളിൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സീഡ് ലോൺ, ഫണ്ട് ഓഫ് ഫണ്ട്സ്, മറ്റ് നിക്ഷേപകർ എന്നിവയിലൂടെയുള്ള സഹായവും ലഭ്യമാക്കിവരുന്നു.

3. **<u>സീഡ് ഫണ്ട്</u>**

നൂതനാശയങ്ങളെ സ്റ്റാർട്ടപ്പുകളായി വികസിപ്പിക്കുന്നതിനുള്ള ധനസഹായ പദ്ധതിയാണിത്. വിദഗ്ധ സമിതിയ്ക്ക് മുമ്പാകെ ആശയാവതരണം നടത്തിയാണ് സീഡ് ഫണ്ടിനായി സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കുന്നത്. പ്രാരംഭ ഘട്ട സ്റ്റാർട്ടപ്പുകൾക്ക് 15 ലക്ഷം രൂപയും റവന്യൂ സ്റ്റാർട്ടപ്പുകൾക്ക് 25 ലക്ഷം രൂപയും പ്രതിവർഷം 6% സബ്സിഡി നിരക്കിൽ 12 മാസത്തെ മൊറട്ടോറിയം കാലയളവോടെ നൽകും. 2015-16 മുതൽ 2024-25 വരെ 11.94 കോടി രൂപ സീഡ് ഫണ്ട് ആയി നൽകിയിട്ടുണ്ട്.

**4. <u>പലിശ ഇളവ് പദ്ധതി</u>**

സ്റ്റാർട്ടപ്പുകൾക്ക് നല്കുന്ന വായ്പയുടെ പലിശയിന്മേൽ KFC നൽകുന്ന പലിശ ഇളവായ 2% സബ്സിഡി കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. ഇതുവരെ ഈ ഇനത്തിൽ 27.87 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

**5. <u>പേറ്റന്റ് സപ്പോർട്ട് സ്കീം</u>**

പേറ്റന്റ് നേടാൻ കഴിയുന്ന സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥി സംരംഭകർക്കും പിന്തുണ നൽകുന്ന പേറ്റന്റ് സപ്പോർട്ട് സ്കീം എന്ന പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി ആരംഭിച്ചു. സ്റ്റാർട്ടപ്പ് സംരംഭകർക്കും വിദ്യാർത്ഥി സംരംഭകർക്കും കൺസൾട്ടേഷൻ ഫീസ് ഉൾപ്പെടെയുള്ള പേറ്റന്റ് ചെലവ് തിരികെ നൽകി പിന്തുണയ്ക്കാൻ പേറ്റന്റ് സപ്പോർട്ട് സിസ്റ്റം ഉദ്ദേശിക്കുന്നു. ഒരൊറ്റ വിഷയത്തിൽ വിദേശ പേറ്റന്റ് ലഭിച്ചാൽ 10 ലക്ഷം രൂപ വരെ തിരികെ ലഭിക്കും. ഫയലിംഗ്, പ്രോസിക്യൂഷൻ, വിധി എന്നിവയിൽ 3 ഘട്ടങ്ങളിലായാണ് റീഇംബേഴ്സ്മെന്റ് നടത്തുക. 2016 മുതൽ 2023 വരെ 12 വിദ്യാർത്ഥികൾക്കും 53 സ്റ്റാർട്ടപ്പുകൾക്കും പേറ്റന്റ് പിന്തുണയായി 1.44 കോടി രൂപ നൽകി.

**6. <u>ഫണ്ട് ഓഫ് ഫണ്ട്സ്</u>**

സെബി അംഗീകാരമുള്ള തെരഞ്ഞെടുക്കപ്പെട്ട ഫണ്ടുകളിൽ നിശ്ചിത തുക നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക സ്റ്റാർട്ടപ്പുകൾക്ക് മൂലധനമായി ലഭ്യമാക്കുന്ന പദ്ധതി.

**7. <u>ഇതര നിക്ഷേപങ്ങൾ</u>**

വിവിധ വെഞ്ചർ ക്യാപിറ്റൽ, ഏഞ്ചൽ ഫണ്ടുകൾ, ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകർ എന്നിവരുമായി നിരന്തരം സ്റ്റാർട്ടപ്പുകളെ ബന്ധപ്പെടുത്തുന്നതിനും അതിലൂടെ മൂലധന നിക്ഷേപം

ലഭ്യമാക്കുന്നതിനുമുള്ള ഇൻവെസ്റ്റർ കഫേ, ഇഗ്നൈറ്റ്, എലിവേറ്റ്, സീഡിംഗ് കേരള തുടങ്ങിയ പരിപാടികൾ തുടർച്ചയായി സംഘടിപ്പിച്ചുവരുന്നു. ഇപ്രകാരം സ്റ്റാർട്ടപ്പുകളിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുവാൻ സാധിക്കുന്നു.

**8. <u>ഇൻക്യുബേഷൻ</u>**

പ്രവർത്തന സ്ഥലവും വിദഗ്ധ ഉപദേശവും ആവശ്യമുള്ളവർക്ക് അത് ലഭ്യമാക്കുന്നതിന് ഓൺലൈനായും ഓഫ് ലൈനുമായുമുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. പ്രീ ഇൻകുബേഷൻ, പ്രോഡക്ടൈസേഷൻ, പൈലറ്റിംഗ്, സ്കേയിലിഗ് അപ് എന്നീ ഘട്ടങ്ങളിലേക്ക് കൃത്യമായി ചിട്ടപ്പെടുത്തിയ പരിപാടികൾ ഉൾപ്പെട്ട ഓൺലൈൻ ഇൻക്യുബേഷൻ പരിപാടിയാണ് ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ്. ഭൗതികമായ ഇൻക്യുബേഷൻ നൽകുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കാസറഗോഡ് എന്നിവിടങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള പ്ലഗ് ആന്റ് പ്ലേ സ്പെയിസ് ഇൻക്യുബേറ്ററുകൾ കേരള സ്റ്റാർട്ടപ്പ് മിഷന് നിലവിലുണ്ട്. മറ്റ് ജില്ലകളിലും പ്രദേശങ്ങളിലും ഇത് തുടങ്ങുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് വരുന്നു. ഈ ഇൻക്യുബേറ്ററുകളിലൂടെ സ്ഥല സൗകര്യം കൂടാതെ വിവിധ മെന്ററിംഗ് പരിശീലന പരിപാടികൾ എന്നിവയും സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കി വരുന്നു. ലീപ് ആക്സിലറേറ്റർ എന്ന പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

9. ***<u>ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ്</u>***

സർക്കാർ വകുപ്പുകളിലേയും ബന്ധപ്പെട്ട സ്ഥാപനങ്ങളിലെയും ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി സ്റ്റാർട്ടപ്പുകളിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉൽപ്പന്നം/സേവനങ്ങളുടെ പരിധി 50 ലക്ഷമായും ലിമിറ്റഡ് ടെന്ററിലൂടെ വാങ്ങാവുന്ന ഉൽപ്പന്നം / സേവനങ്ങളുടെ പരിധി 3 കോടിയായും ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്പനികളുടെ പ്രാരംഭഘട്ടമായ സ്റ്റാർട്ടപ്പ് കാലഘട്ടത്തിൽ ആവശ്യമായ ബിസിനസ്സ് ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

10. **<u>റിസർച്ച് ആന്റ് ഇന്നവേഷൻ പ്രോഗ്രാം (ഗവേഷണ വികസന പരിപാടി)</u>**

ഗവേഷണ വികസന സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, ഇന്നവേറ്റർമാർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ ബന്ധിപ്പിച്ച് ഗവേഷണ

| | | | |
|---|---|---|---|
| | | | വികസന പ്രവർത്തനങ്ങളിലൂടെ കണ്ടെത്തുന്ന ആശയങ്ങളെ ഉൽപ്പന്നമാക്കി വിപണിയിലെത്തിക്കുന്നതിന് ലക്ഷ്യമിട്ടാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി ഒരു പ്രത്യേക പ്ലാറ്റ് ഫോം നിലവിലുണ്ട്. ഇതിലൂടെ സ്ഥാപനങ്ങൾക്കും ശാസ്ത്രജ്ഞർക്കും ഉൽപ്പന്നങ്ങളും അതിന്റെ വിശദാംശങ്ങളും പ്രദർശിപ്പിക്കുന്നതിനും മറ്റ് ബന്ധപ്പെട്ടവർക്കും അവ ലഭ്യമാകുന്നതിനുമുള്ള അവസരമുണ്ട്. ഇതിലൂടെ ഏതെങ്കിലും ഉൽപ്പന്നം സംരംഭമാക്കി മാറ്റുന്നതിന് ബന്ധപ്പെട്ടവർ മുന്നോട്ടുവരുന്ന പക്ഷം പ്രസ്തുത സാങ്കേതികത കൈമാറുന്നതുമായി ബന്ധപ്പെട്ട ചെലവ് വഹിക്കുന്നതിനുള്ള സഹായം നൽകിവരുന്നു. ഗവേഷണ സ്ഥാപനങ്ങളുടെയും യൂണിവേഴ്സിറ്റികളുടെയും സഹകരണത്തോടു കൂടി കേരള സ്റ്റാർട്ടപ്പ് മിഷൻ റിങ്ക് ഡെമോ ഡേ (RINK DEMO DAY) എന്ന പ്രതിമാസ ഓൺലൈൻ പ്രദർശന പരിപാടി സംഘടിപ്പിച്ചു വരുന്നു. ഗവേഷണ വികസനത്തിൽ അധിഷ്ഠിതമായ വാണിജ്യവത്കരിക്കാവുന്ന സാങ്കേതിക വിദ്യകളെയും ഉത്പന്നങ്ങളെയും സ്റ്റാർട്ടപ്പുകൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും സംരംഭകർക്കും മുന്നിൽ പരിചയപെടുത്തുകയാണ് ഡെമോ ഡേയുടെ ഉദ്ദേശം. |

സെക്ഷൻ ഓഫീസർ